## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1550</u>     <u>16/03/2015-ൽ മറുപടിയ്ക്ക്</u>

## <u>ജൈവമണ്ഡല പദ്ധതി</u>

| ചോദ്യം<br>**പ്രൊഫ.സി.രവീന്ദ്രനാഥ്** | | മറുപടി<br>**ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
|---|---|---|
| എ) ജൈവമണ്ഡല പദ്ധതിക്ക് രൂപം നൽകുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?<br><br>ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | എ) & ബി) | 10/2/2010-ലെ സ.ഉ(പി)39/10/കൃഷി പ്രകാരം സംസ്ഥാനത്ത് ഒരു ജൈവ കൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി കേരളം ജൈവ കാർഷിക സംസ്ഥാനമാക്കുവാൻ ഈ നയത്തിൽ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിന്റെ മുന്നോടിയായി കേരളത്തെ 2016-ഓടെ സമ്പൂർണ്ണ ജൈവകാർഷിക സംസ്ഥാനമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ജനപ്രതിനിധികളെയും കർഷകരെയും ഉൾപ്പെടുത്തി ബോധവത്ക്കരണ കാമ്പയിനുകൾ എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. 140 നിയോജക മണ്ഡലത്തിനും അനുയോജ്യമായ പദ്ധതികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് തയ്യാറാക്കി വരുന്നു. പദ്ധതി നടപ്പിലാക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ ഏറ്റവും മികച്ച ജൈവ മണ്ഡലത്തിന് 10 ലക്ഷം, 5 ലക്ഷം, 3 ലക്ഷം എന്നീ ക്രമത്തിൽ ഒന്നും, രണ്ടും, മൂന്നും അവാർഡുകൾ നല്കുന്നതിനും ഏറ്റവും മികച്ച മൂന്നു പഞ്ചായത്തുകൾക്ക് 3 ലക്ഷം, 2 ലക്ഷം, 1 ലക്ഷം എന്നീ |

ക്രമത്തിൽ അവാർഡ് നല്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനത്തിനുള്ള പ്രായോഗിക വശങ്ങളെ കുറിച്ച് ചർച്ച ചെയ്യുവാൻ ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.നഗര വികസന വകുപ്പ് മന്ത്രി, കാർഷികോല്പാദന കമ്മീഷണർ, കൃഷി-തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, കൃഷി ഡയറക്ടർ, മൃഗസംരക്ഷണ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, മണ്ണ് സംരക്ഷണ ഡയറക്ടർ, ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ, ആത്മ പ്രോജക്ട് ഡയറക്ടർ എന്നിവർ പങ്കെടുത്ത യോഗം 18.11.2014-ന് സെക്രട്ടേറിയറ്റ് സൗത്ത് കോൺഫറൻസ് ഹാളിൽ വച്ച് കൂടുകയുണ്ടായി. കൂടാതെ കേരളം സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള കർമ്മ പദ്ധതികൾ ചർച്ച ചെയ്യുന്നതിനായി ഒരു യോഗം 26.11.2014-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടുകയുണ്ടായി.

സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള കർമ്മ പദ്ധതികൾ ചർച്ച ചെയ്യുന്നതിന് കണ്ണൂർ, കാസറഗോഡ്, കോഴിക്കോട്, വയനാട് ജില്ലകളിലെ എം.പി. മാർ, എം.എൽ.എ മാർ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി മേയർ/ചെയർമാൻ, നഗരവികസന, പഞ്ചായത്ത്, കൃഷി, മൃഗസംരക്ഷണം, ഗ്രാമ വികസനം എന്നീ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ ഒരു സംയുക്ത

യോഗം 28.11.2014-ന് കണ്ണൂർ കുത്തുപറമ്പ് നിർമ്മല ഗിരി റാണി ജയ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ബഹു.കൃഷി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

കേരളത്തിലെ ബഹു.നിയമസഭാ സാമാജികരെ ഉൾപ്പെടുത്തി നിയമസഭ സമുച്ചയത്തിൽ വച്ച് സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനത്തെക്കുറിച്ച് ഒരു യോഗം നടത്തുകയും, ജൈവ കൃഷി വ്യാപനത്തെക്കുറിച്ച് Power point presentation നടത്തുകയും ചെയ്തു. ജൈവ കൃഷി പ്രോത്സാഹനത്തിന്റെ യുവ അംബാസിഡറായി യുവ കർഷക പ്രതിഭയായ മാസ്റ്റർ സൂരജ്.സി.എസ് നെ പ്രഖ്യാപിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ